# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:5000 22.05.2017 ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ ക്ലാസ് റൂമുകൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ<br>" വി.ടി.ബൽറാം<br>" സണ്ണി ജോസഫ്<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിലെ ക്ലാസ് റൂമുകൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ: വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെടുത്തി ഡിജിറ്റലാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ആയത് ' കിഫ്ബി' അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടുവരെ 4,775 സ്കൂളുകളിലായി 45,000 ക്ലാസ് മുറികളാണ് ഹൈടെക് ആക്കുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ നടത്തേണ്ട പ്രവർത്തനങ്ങൾ (സുരക്ഷിതമായ മുറി, ടൈൽ പാകിയ തറ, സീലിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ഷെൽഫ്) പൂർത്തിയാക്കുന്ന സ്കൂളുകളെ മുൻഗണനാ ക്രമത്തിൽ നിർവ്വഹണത്തിന് പരിഗണിക്കും. മുഴുവൻ ക്ലാസ് മുറികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മുന്നൊരുക്കങ്ങൾ പൂർത്തിയാക്കാത്ത സ്കൂളുകളിൽ ഓരോ ഘട്ടത്തിലും ക്ലാസ് മുറികൾ പൂർത്തിയാക്കുന്നമുറയ്ക്ക് ഐ.സി.ടി. സൗകര്യങ്ങൾ ഒരുക്കും. സർക്കാർ /എയ്ഡഡ് മേഖലകളിൽ നിന്നുള്ള 2685 ഹൈസ്കൂളുകളും 1701 ഹയർസെക്കന്ററി സ്കൂളുകളും 389 വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെട്ടു ന്നതാണ്. (ആകെ 4475 സ്കൂളുകൾ) . എല്ലാ ക്ലാസ് മുറികളിലും ലാപ് ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ, വൈറ്റ് ബോർഡ്, ശബ്ദസംവിധാനം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ഐ.ടി ലാബിൽ ഡെസ്ക്ടോപ്, യു.പി.എസ്. മൾട്ടി - ഫംഗ്ഷൻ പ്രിൻറർ, എൽ.സി.ഡി.ടിവി, എച്ച്.ഡി ക്യാമറ എന്നിവയും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ലാബും ക്ലാസ് മുറികളും തമ്മിൽ നെറ്റ് വർക്കിംഗ് നടത്തുന്നതോടൊപ്പം ലാബിലെ സെർവർ കമ്പ്യൂട്ടറിനെ ഓരോ ക്ലാസ് മുറിയുമായി ബന്ധിപ്പിച്ച് വിവരങ്ങൾ പങ്കുവെയ്ക്കാൻ സംവിധാനവും ഒരുക്കുന്നതാണ്. ഫൈബർ അധിഷ്ഠിത അതിവേഗ ഇൻറർനെറ്റ് കണക്ഷനാണ് എല്ലാ ക്ലാസ് മുറികളിലും ലഭ്യമാക്കുന്നത്. |

| | |
|---|---|
| ബി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | ബി) ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഐ.ടി.@സ്കൂൾ പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്. |
| സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | സി) ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി ആലപ്പുഴ,പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| ഡി) ഈ പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ ? | ഡി) ഹൈടെക് സ്കൂൾ പദ്ധതിയ്ക്കുള്ള തുക കിഫ്ബി മുഖേനയാണ് കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ